പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ **750** **09-08-2017** ൽ മറുപടിക്ക്

<u>പട്ടികജാതിക്കാർക്കായി വായ്പാ കുടിശിക നിവാരണ പദ്ധതി</u>

| | ചോദ്യം<br>ശ്രീ.കെ. രാജൻ | | മറുപടി<br>ശ്രീ. എ.കെ. ബാലൻ<br>പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററി കാര്യവും വകുപ്പ് മന്ത്രി. |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പട്ടികജാതിക്കാർക്കായി വായ്പാ കുടിശിക നിവാരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്ന് എടുത്തിട്ടുള്ളതും 31.03.2010 -ന് തിരിച്ചടവ് പൂർത്തിയായിട്ടുള്ളതുമായ വായ്പകളിൽ മുതലും പലിശയും ഉൾപ്പെടെ കുടിശ്ശികയായ ഒരു ലക്ഷം രൂപ വരെ എഴുതിതള്ളുന്നതിന് സ.ഉ. (അച്ചടി) നമ്പർ 24/2015/ പജപവവിവ തീയതി 30.03.2015 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | നടപ്പ് സാമ്പത്തികവർഷം എത്ര രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതിയ്ക്കാവശ്യമായ മുഴുവൻ തുകയും (88,53,64,000 രൂപ) ബന്ധപ്പെട്ട ഏജൻസികൾക്കു നല്കിയിട്ടുണ്ട്. അതിനാൽ നടപ്പ് വർഷം ടി പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ